**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1321** **07.06.2018-ൽ മറുപടിക്ക്**

## ഓവർസിയർമാരായി ജോലി ചെയ്യുന്ന വിരമിച്ച ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിലെ ഏതെങ്കിലും ഓഫീസിൽ വിരമിച്ച ജീവനക്കാർ ഓവർസിയർമാരായി താല്ക്കാലികമായി ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) പി.എസ്.സി. വഴി നിയമനം ലഭിച്ചെങ്കിലും ഉദ്യോഗാർത്ഥികൾ ജോലിക്ക് ചേരാതെ ഒഴിഞ്ഞുകിടക്കുന്ന ചെങ്ങന്നൂർ കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ഇടുക്കി നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഏറ്റുമാനൂർ റോഡ്സ് സെക്ഷൻ, പാലാ റോഡ്സ് സെക്ഷൻ, മേലുകാവ് റോഡ്സ് സെക്ഷൻ, തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിലെ റെസിഡൻസി സെക്ഷൻ, നെടുമങ്ങാട് കെട്ടിട ഉപവിഭാഗം കാര്യാലയം എന്നിവിടങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാർ ദിവസ വേതനാടിസ്ഥാനത്തിൽ ഓവർസിയർമാരായി ജോലിചെയ്യുന്നുണ്ട്. |
| (ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ജോലി ചെയ്യുന്ന താല്ക്കാലിക ഓവർസിയർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ എത്ര രൂപ വേതനമായി നൽകിയിട്ടുണ്ട്; ഇത്തരത്തിൽ വേതനം നൽകുന്നതിന് പ്രത്യേക ഉത്തരവ് നിലവിലുണ്ടോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ആകെ 97,14,562/-രൂപ വേതനമായി നൽകിയിട്ടുണ്ട്. ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നത്. |
| (സി) പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽകാലികമായി ഓവർസിയർമാരെ നിയമിക്കുന്നതിനെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) പി.എസ്.സി. അഡ്വൈസ് ലഭിച്ച് ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ